"ഭരണഭാഷ – മാതൃഭാഷ"

നമ്പർ. എച്ച് (3)/227976/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 18/06/2019

പ്രേഷിതാവ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ.

സ്വീകർത്താവ്

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും.
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും.
3) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും.

സർ,

**വിഷയം:** പൊതു വിദ്യാഭ്യാസം – പത്താംതരം പരീക്ഷയിൽ മലയാളത്തിന് പകരം അഡീഷണൽ/സ്പെഷ്യൽ ഇംഗ്ലീഷ് അനുവദിക്കുന്നത് സംബന്ധിച്ച്.

**സൂചന :** 26-07-2018 ലെ സർക്കാർ പരിപത്രം നമ്പർ എസ്1/141/2016/പൊ.വി.വ

----------

സൂചനയിലെ സർക്കാർ പരിപത്രം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നത് കാണുക. 2018 ലെ മലയാള ഭാഷാ പഠന ചട്ടങ്ങളിലെ ചട്ടം (6) പ്രകാരം ഇതര സംസ്ഥാനങ്ങളിൽ നിന്നോ വിദേശ രാജ്യങ്ങളിൽ നിന്നോ നമ്മുടെ സംസ്ഥാനത്തു വന്ന് സ്കൂളുകളിൽ പഠനം തുടരുന്ന വിദ്യാർത്ഥികളുടെ എണ്ണം അതാത് വിദ്യാഭ്യാസ ഓഫീസർമാർ ക്രോഡീകരിച്ച് ജൂൺ 25 നകം വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കയക്കുകയും, വിദ്യാഭ്യാസ ഉപഡയറക്ടർമാർ വിദ്യാർത്ഥികളുടെ എണ്ണം ജൂലായ് 30 നകം ക്രോഡീകരിച്ച് എസ്.സി.ഇ.ആർ.റ്റി ഡയറക്ടർക്ക് നൽകേണ്ടതുമാണ്. അതിൻ പ്രകാരം അതാതു ക്ലാസുകൾക്കുവേണ്ടി തയ്യാറാക്കുന്ന മലയാള പാഠപുസ്തകം സ്കൂളുകളിൽ ലഭ്യമാക്കി അതത് സ്കൂളുകളിലെ അദ്ധ്യാപകർ കുട്ടികളെ പഠിപ്പിക്കുവാനുള്ള നിർദ്ദേശങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർ നൽകേണ്ടതാണ്. എസ്.സി.ഇ.ആർ.റ്റി ഡയറക്ടർക്ക് നൽകുന്ന കുട്ടികളുടെ എണ്ണം വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഈ കാര്യാലയത്തിലേക്കും അറിയിക്കേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ 24-06-2019 ന് മുൻപ് മേൽ വിവരിച്ച കുട്ടികളുടെ എണ്ണം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറെ അറിയിച്ചിരിക്കണം. ഈ സമയപരിധിയിൽ യാതൊരു മാറ്റവും വരുത്തരുത്.

ഇതര സംസ്ഥാനങ്ങളിൽ നിന്നോ വിദേശത്തുനിന്നോ വന്ന് സംസ്ഥാനത്തെ സ്കൂളുകളിൽ പഠനം തുടരുന്ന വിദ്യാർത്ഥികൾ, മുൻ വർഷങ്ങളിൽ മലയാളം ഒരു ഭാഷയായി പഠിച്ചിട്ടില്ലാത്ത വിദ്യാർത്ഥികൾ എന്നിവർ പത്താം ക്ലാസിൽ മലയാളത്തിന് പകരം സ്പെഷ്യൽ ഇംഗ്ലീഷ് പഠിച്ച് പരീക്ഷ എഴുതുന്നതിനുള്ള അനുമതിക്കായുള്ള അപേക്ഷകൾ നേരിട്ട് സർക്കാരിൽ നൽകാതെ, അതത് സ്കൂളിന്റെ പ്രഥമാധ്യാപകൻ

...2

ശിപാർശ ചെയ്തത് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സമാഹരിച്ച് പരിശോധിച്ച് അർഹമായവ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ജൂലായ് 31 നകം സമർപ്പിക്കേണ്ടതാണ്. ഈ സമയപരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. ആയതിനാൽ സർക്കാർ പരിപത്രം എല്ലാ പ്രഥമാധ്യാപകർക്കും നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതിന് കർശന നിർദേശം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

ജെസ്സി ജോസഫ്,
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ),
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

പകർപ്പ് :

1. ഡയറക്ടർ എസ്.സി.ഇ.ആർ.റ്റി, (അറിവിലേക്ക് - സൂചനയിലെ പരിപത്രം സഹിതം)
2. എല്ലാ പ്രഥമാധ്യാപകർക്കും. (വെബ്സൈറ്റ്/വിദ്യാഭ്യാസ ഓഫീസർ വഴി)
3. വൈസ് ചെയർമാൻ& എക്സിക്യൂട്ടീവ് ഡയറക്ടർ കൈറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

എ.സി-

കേരള സർക്കാർ

പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്

നം.എസ്1/141/2018/പൊ.വി.വ

തിരുവനന്തപുരം,
തീയതി: 26/07/2018

## പരിപത്രം

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് – മലയാളത്തിനു പകരം അഡീഷണൽ / സ്പെഷ്യൽ ഇംഗ്ലീഷ് പഠിച്ച് പരീക്ഷ എഴുതുന്നതിന് പ്രത്യേക അനുമതി – നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് –സംബന്ധിച്ച്

സൂചന:- സ.ഉ ( അച്ചടി) നമ്പർ 14/2018/പൊ.വി.വ , തീയതി 02.06.2018

**********************

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഒന്നാം തരം മുതൽ പത്താം തരം വരെ മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് സൂചന ഉത്തരവ് പ്രകാരം 2018 ലെ മലയാളഭാഷാ ചട്ടങ്ങൾ നിലവിൽ വന്നു.

2018 ലെ മലയാള ഭാഷാ ചട്ടം – 6 പ്രകാരം ഇതര സംസ്ഥാനങ്ങളിൽ നിന്നോ വിദേശരാജ്യങ്ങളിൽ നിന്നോ സംസ്ഥാനത്തു വന്ന് സ്കൂളുകളിൽ പഠനം തുടരുന്ന വിദ്യാർത്ഥികളുടെ എണ്ണം സംസ്ഥാനത്തെ അത്തരം ഓരോ സ്കൂളും പൊതുവിദ്യാഭ്യാസ ഡയക്ടറെയും സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രയിനിങ് (എസ്.സി.ഇ.ആർ.റ്റി) ഡയറക്ടറെയും ഓരോ വർഷവും യഥാസമയം അറിയിക്കേണ്ടതും സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിങ് അതിൻപ്രകാരം അതതു ക്ലാസുകൾക്കു വേണ്ടി തയ്യാറാക്കുന്ന മലയാള പാഠപുസ്തകം പഠിപ്പിക്കേണ്ടതുമാണ്. അതത് സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവനം ഇതിലേക്കായി പ്രയോജനപ്പെടുത്തേണ്ടതാണ്

എന്നാൽ ഇതര സംസ്ഥാനങ്ങളിൽ നിന്നോ വിദേശരാജ്യങ്ങളിൽ നിന്നോ വന്ന് സംസ്ഥാനത്തെ സ്കൂളുകളിൽ പഠനം തുടരുന്ന വിദ്യാർത്ഥികൾ, മുൻ വർഷങ്ങളിൽ മലയാളം ഒരു ഭാഷയായി പഠിച്ചിട്ടില്ലാത്ത വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും പത്താം ക്ലാസ്സിൽ മലയാളത്തിന് പകരം അഡീഷണൽ/ സ്പെഷ്യൽ ഇംഗ്ലീഷ് പഠിച്ചു പരീക്ഷ എഴുതാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നിരവധി അപേക്ഷകൾ സർക്കാരിന് ലഭിക്കുന്നുണ്ട്. പഠിക്കുന്ന വിദ്യാലയത്തിന്റെ പ്രഥമാദ്ധ്യാപികയുടെ / പ്രഥമാദ്ധ്യാപകന്റെ ശുപാർശയോ വിദ്യാഭ്യാസ ഓഫീസർമാരുടെ ശുപാർശയോ ഇല്ലാതെ ഇത്തരം വിദ്യാർത്ഥികളോ, അവരുടെ മാതാപിതാക്കളോ സർക്കാരിൽ നേരിട്ട് അപേക്ഷ

സമർപ്പിക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഇത്തരം അപേക്ഷകളിൽ മലയാളം പഠിക്കാതിരിക്കുന്നതിന് കാരണം വ്യക്തമാക്കാറില്ല.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അന്യ സംസ്ഥാനങ്ങളിൽ നിന്നോ വിദേശത്തു നിന്നോ പത്താം ക്ലാസ്സിൽ പുതുതായി വന്നു ചേരുന്ന / താഴ്ന്ന ക്ലാസ്സുകളിൽ മലയാളം പഠിച്ചിട്ടില്ലാത്ത വിദ്യാർഥികൾ, മലയാളത്തിനു പകരം സ്പെഷ്യൽ ഇംഗ്ലീഷ് / അഡിഷണൽ ഇംഗ്ലീഷ് പഠിച്ച് പരീക്ഷ എഴുതുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതിയ്ക്കായി സമർപ്പിക്കുന്ന അപേക്ഷകൾ, അതത് സ്കൂളിന്റെ പ്രഥമാദ്ധ്യാപകൻ ശുപാർശ ചെയ്ത്, ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമാഹരിച്ച് സമർപ്പിക്കേണ്ടതും ആയവ പരിശോധിച്ച് അർഹതയുള്ള കേസുകൾ മാത്രം വിദ്യാഭ്യാസ ഓഫീസർമാർ, വ്യക്തമായ ശുപാർശയോടു കൂടി പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുന്നു. അദ്ധ്യയന വർഷം തുടങ്ങി 3 മാസത്തിനുള്ളിൽ തന്നെ ഈ നടപടി പൂർത്തിയാക്കേണ്ടതാണ്.

മലയാളഭാഷാചട്ടങ്ങൾ ലംഘിക്കുന്നില്ലയെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്.

**പി.എസ്.കൃഷ്ണകുമാര്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരം
ഡയറക്ടർ , എസ്.സി.ഇ.ആർ.ടി,പൂജപ്പുര, തിരുവനന്തപുരം
കമ്മീഷണർ , പരീക്ഷ ഭവൻ , പൂജപ്പുര, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
കരുതൽ ഫയൽ /ഓഫീസ് കോപ്പി